Dated : 25/10/2021

## യുവതിയെ മാനഹാനി വരുത്താൻ ശ്രമിച്ചയാൾ പോലീസ് പിടിയിലായി

കൊല്ലം :അയാൽക്കാരിയായ യുവതിയോട് അപമര്യാദയായി പെരുമാറി അവർക്ക് മാനഹാനിയുണ്ടാക്കാൻ ശ്രമിച്ചയാളെ പോലീസ് പിടികൂടി. ശക്തികുളങ്ങര കുരീപ്പുഴ ചേരിയിൽ പെരിനേഴത്ത് മുക്കിൽ തെന്നൂർ വടക്കതിൽ ലക്ഷ്മണൻ മകൻ മുരുകൻ എന്നു വിളിക്കുന്ന ശ്രീമുരുകൻ (49) ആണ് പോലീസ് പിടിയിലായത്. മഴയെ തുടർന്ന് വീട്ടിൽ കഴുകി ഉണക്കാനിട്ടിരുന്ന തുണി എടുത്തു കൊണ്ടിരുന്ന യുവതിയുടെ പിന്നിൽ കൂടി ചെന്ന് കടന്ന് പിടിച്ച് ഇയാൾ അപമാനിക്കാൻ ശ്രമിച്ചു, യുവതിയുടെ നിലവിളിയിൽ ഭർത്താവും അയൽക്കാരുമെത്തി ഇയാളിൽ നിന്നും യുവതിയെ രക്ഷിക്കുകയായിരുന്നു. തുടർന്ന് സ്ഥലത്തെത്തിയ പോലീസ് സംഘം ഇയാളെ വീട്ടിൽ നിന്നും പിടികൂടി വൈദ്യപരിശോധനയ്ക്ക് ശേഷം അറസ്റ്റ് രേഖപ്പെടുത്തി. യുവതിയുടെ പരാതിയിലാണ് ശക്തികുളങ്ങര പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. ഇയാളുടെ പരാതിയിൽ ദേഹോപദ്രവം ഏൽപ്പിച്ചതിന് നാല് അയൽക്കാർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട്. ശക്തികുളങ്ങര ഇൻസ്പെക്ടർ ബിജു.യു, സബ്ബ് ഇൻസ്പെക്ടർമാരായ ഷാജഹാൻ, ഷാഫി എ.എസ്സ്.ഐ സുനിൽകുമാർ, സി.പി.ഒ മാരായ ശ്രീലാൽ, ജയകുമാരി, ലതിക എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.



ശ്രീമുരുകൻ @ മുരുകൻ

## ബിവറേജസ് ഷോപ്പിൽ നിന്നും മദ്യക്കുപ്പി മോഷ്ടിച്ച യുവാവ് പോലീസ് പിടിയിലായി

കൊല്ലം : ആശ്രാമത്തുള്ള ബിവറേജസ് കോർപ്പറേഷന്റെ സെൽഫ് സർവ്വീസ് പ്രീമിയം കൗണ്ടറിൽ നിന്നും മദ്യകുപ്പി മോഷ്ടിച്ച യുവാവ് പോലീസ് പിടിയിലായി. വാളത്തുംഗൽ സരയൂ നഗർ 190 മണക്കര വയലിൽ വീട്ടിൽ ഉണ്ണിപ്പിള്ള മകൻ രോമാഞ്ചം ബിജു എന്ന് വിളിക്കുന്ന ബിജു (32) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ 23 ന് രാത്രി 8.45 ന് ബിവറേജസ് കോർപ്പറേഷൻ ഷോപ്പ് അടയ്ക്കുന്നതിന് മുൻപ് സെൽഫ് സർവ്വീസ് കൗണ്ടറിലൂടെ ഷോപ്പിനുള്ളിൽ കടന്ന യുവാവ് 910 രൂപാ വിലവരുന്ന ഓൾഡ് മങ്ക് ഇനത്തിൽപ്പെട്ട മദ്യം വസ്ത്രത്തിൽ ഒളിപ്പിച്ചു. തുടർന്ന് മദ്യം വാങ്ങാൻ എത്തിയവരുമായി സൗഹൃദം പങ്കിട്ട് ജീവനക്കാരെ തെറ്റിദ്ധരിപ്പിച്ച് ഇയാൾ കൗണ്ടറിലൂടെ പുറത്ത് കടക്കുകയായിരുന്നു. മോഷണ വിവരം മനസിലാക്കിയ ജീവനക്കാർ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പരാതി നൽകി. സി.സി.ടി.വി ദൃശ്യങ്ങളിൽ നിന്നും യുവാവിനെ തിരിച്ചറിഞ്ഞ പോലീസ് ഇയാളെ കൊല്ലം പോളയത്തോട് നിന്നും പിടികൂടി. മദ്യാസക്തിയെ തുടർന്നാണ് മദ്യം മോഷണം നടത്തിയതെന്ന് ഇയാൾ പോലീസിനോട് സമ്മതിച്ചു. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർമാരായ രതീഷ്കുമാർ ആർ, പ്രമോദ്കുമാർ, ശിവദാസൻപിള്ള, സി.പി.ഓ രമേശ് എന്നിവരുൾപ്പെട്ട സംഘമാണ് ഇയാളെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.



ബിജു @ രോമാഞ്ചം ബിജു

## ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ജാമ്യം നേടി മുങ്ങി നടന്ന നൂറ്റിയേഴ് പ്രതികളെ കരുനാഗപ്പള്ളി പോലീസ് പിടികൂടി

### പിടിയിലായവരിൽ വധശ്രമം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരും

കൊല്ലം : സാമൂഹ്യവിരുദ്ധർക്കെതിരെ തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി സഞ്ജയ് കുമാർ. കെ ഐ.പി.എസ് പ്രഖ്യാപിച്ച സ്പെഷ്യൽ ഡ്രൈവിന്റെ ആദ്യ ദിനമായ തിങ്കളാഴ്ച 107 കേസുകളിലെ വാറണ്ട് പ്രതികളെ കരുനാഗപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി ഇൻസ്പെക്ടർ ഗോപകുമാർ.ജി യുടെ നേതൃത്വത്തിൽ എസ്സ്.ഐ മാരാടക്കം പത്ത് പേരടങ്ങുന്ന സംഘമാണ് ഞായറാഴ്ച രാത്രി മുതലുള്ള ഓപ്പറേഷനിലൂടെ പ്രതികളെ അറസ്റ്റ് ചെയ്തത്. കരുനാഗപ്പള്ളി എ.സി.പി ഷൈനുതോമസിനായിരുന്നു മേൽ നോട്ട ചുമതല.

വിവിധ കോടതികളിൽ നിന്നും ജാമ്യം നേടി ഒളിവിൽ ആയിരുന്ന വധശ്രമം, കവർച്ച, മോഷണം മറ്റ് ഗുരുതരമായ കുറ്റകൃത്യങ്ങൾ മുതൽ പകർച്ചവ്യാധി പ്രതിരോധ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കേസുകൾ വരെ ഉൾപ്പെട്ട് ജാമ്യം എടുക്കാതെ ഒളിവിൽ കഴിഞ്ഞിരുന്നവരും ജാമ്യം എടുത്ത ശേഷം മുങ്ങിയ വരുമായ പ്രതികളെയാണ് പോലീസ് പിടികൂടിയത്. ഇവരെ ബന്ധപ്പെട്ട കോടതികളിൽ ഹാജരാക്കി നിയമ നടപടികൾ സ്വീകരിച്ചു. ഇതോടൊപ്പം വിവിധ കോടതികളിൽ നടന്ന അദാലത്തിലും ഇരുനൂറോളം പേർ പിഴ ഒടുക്കി കേസുകൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി സ്ഥിരം കുറ്റവാളികളായ 10 പേർക്കെതിരെ 107 സി.ആർ.പി.സി പ്രകാരം നല്ലനടപ്പിന് ബോണ്ട് വയ്ക്കുന്നതിനായി സബ്ബ് ഡിവിഷൻ മജിസ്ട്രേറ്റ് കോടതിയിൽ റിപ്പോർട്ട് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ സ്ഥിരം കുറ്റവാളികളായ മറ്റ് നാല് പേർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റ് സ്റ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ ആകെ സാമൂഹ്യ വിരുദ്ധർക്കെതിരെയുള്ള സ്പെഷ്യൽ ഡ്രൈവിന് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് ആണ് നേതൃത്വം നൽകുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ കുറ്റവാളികളെ പിടികൂടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എസ്സ്.ഐ മാരായ വിനോദ് കുമാർ, ജയശങ്കർ, മനോജ്, എ.എസ്സ്.ഐ മാരായ ഷാജിമോൻ.എച്ച്, നന്ദകുമാർ. കെ സി.പി.ഓ മാരായ അഖിൽ രാജ്, സന്തോഷ് കുമാർ, മനോജ്, ശ്രീകാന്ത് എന്നിവരാണ് ഇൻസ്പെക്ടർക്കൊപ്പം പരിശോധനകളിൽ പങ്കെടുത്തത്.